"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി -മൂന്നാം വർഷത്തിന്റെ സുഗമമായ നടത്തിപ്പ് - കരാർ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ തുടർ നിയമനം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.100/2026/AGRI തീയതി,തിരുവനന്തപുരം, 31-01-2026

പരാമർശം:-

1. 06/08/2010-ലെ സ.ഉ.(കൈ) നം.198/2010/AD.
2. 26/02/2016-ലെ സ.ഉ.(പി) നം.28/2016/ധന.
3. 28/04/2017-ലെ സ.ഉ.(പി) നം.56/2017/ധന.
4. 21/07/2018-ലെ സ.ഉ.(പി) നം.112/2018/ധന.
5. 09/07/2019-ലെ സ.ഉ.(പി) നം.91/2019/ധന.
6. 11/02/2021-ലെ സ.ഉ.(പി) നം.29/2021/ധന.
7. 19/04/2025-ലെ സ.ഉ.(പി) നം.54/2025/ധന.
8. സ.ഉ(സാധാ.)നം.775/2022/കൃഷി, തീയതി 27/08/2022
9. സ.ഉ(സാധാ.)നം.879/2023/കൃഷി, തീയതി 11/09/2023
10. സ.ഉ(സാധാ.)നം.977/2023/കൃഷി, തീയതി 09/10/2023
11. സ.ഉ(സാധാ.)നം.1137/2024/കൃഷി, തീയതി 30/11/2024
12. കൃഷി ഡയറക്ടറുടെ 03/08/2025 തീയതിയിലെ ADFW/ 2862/2022-TF2 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ BPKP യുടെ നടത്തിപ്പിൽ, ആദ്യ വർഷം പദ്ധതി മാനദണ്ഡ പ്രകാരം ഒരു ക്ലസ്റ്ററിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ വീതം, 164 ക്ലസ്റ്ററുകളിലായി 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയോഗിക്കുകയും അപ്രകാരം നിയോഗിച്ച ജീവനക്കാരെ 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച ശേഷം ഒരു ദിവസത്തെ ഇടവേള നൽകി വീണ്ടും ജോലിയിൽ തുടരുന്നതിന് പരാമർശം (8) മുതൽ (11) സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു.

2. BPKP പദ്ധതി മൂന്ന് വർഷം നീണ്ടു നിൽക്കുന്ന പദ്ധതി ആണെന്നും ഇതിന്റെ മൂന്നാം

വർഷം സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണെന്നും നിലവിലുള്ള ഡാറ്റ എന്റ്റി ഓപ്പറേറ്റർമാർ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഡാറ്റ ക്രോഡീകരണം, പോർട്ടൽ എൻട്രി മുതലായ പ്രവർത്തനങ്ങളിൽ പ്രാവീണ്യം ലഭിച്ചവരും ആണെന്നും ആയതിനാൽ ഈ ജീവനക്കാരുടെ സേവനം പദ്ധതിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമായതിനാലും പുതിയ ആളെ നിയമനം നടത്തുന്നതിലൂടെ പദ്ധതി നടത്തിപ്പിലും ഫണ്ട് വിനിയോഗത്തിലും പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കറ്റ് നൽകുന്നതിലും കാലതാമസം നേരിടും എന്നുള്ളതിനാലും BPKP മൂന്നാം വർഷത്തിന്റെ സുഗമമായ നടത്തിപ്പിനായി ടി തസ്തികയിൽ തുടരാൻ താൽപ്പര്യം ഉള്ള ജീവനക്കാർക്ക് തുടർ നിയമനത്തിനും, ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതിക്കായി കൃഷി ഡയറക്ടർ പരാമർശം (12) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മുതൽ (7) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും **സ്ഥിരപ്പെടുത്താൻ യാതൊരു അവകാശ വാദവും ഉന്നയിക്കുകയില്ലായെന്ന സത്യവാങ്മൂലം എഴുതി വാങ്ങേണ്ടതാണെന്നുമുള്ള വ്യവസ്ഥയിന്മേൽ** B P K P മൂന്നാം വർഷത്തിന്റെ സുഗമമായ നടത്തിപ്പിനായി ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ തുടരാൻ താല്പര്യമുള്ള കരാർ ജീവനക്കാർക്ക് തുടർ നിയമനത്തിനും ബാക്കി വരുന്ന ഒഴിവുള്ള തസ്തികകളിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. വീണ്ടും പദ്ധതി നടത്തിപ്പിനായി ടി തസ്തികയിൽ ജീവനക്കാരെ ആവശ്യമുള്ള പക്ഷം, മുൻകൂട്ടി പുതിയ നിയമന നടപടികൾ ആരംഭിക്കുന്നതിന് മൂന്നു മാസം മുമ്പെ സർക്കാരിനെ സമീപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
അഡിഷണൽ സെക്രട്ടറി

To

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് I/ആഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O(f) 3251203/ Agri-A2/191/2025-FIN തീയതി 20.01.2026)).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (പിഎ2/88/2025-കൃഷി).

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 31-01-2026 15:57:27

സെക്ഷൻ ഓഫീസർ